ഉത്തരം

(എ-ഇ) പയ്യന്നൂർ പെരിങ്ങളം വില്ലേജിൽ ഭൂമി വ്യാജരേഖ ചമച്ച് വാങ്ങാൻ ശ്രമിച്ചത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടില്ല എന്നാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുള്ളത്.

ഭൂമിയുടെ ഫെയർ വാല്യൂ

166 (1244) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെയർ വാല്യൂ നിശ്ചയിക്കാത്തതുമൂലം സ്ഥലം കൈമാറ്റം വൈകുന്നത് അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ ;

(ബി) ഒരു സ്ഥലത്തിന്റെ ഫെയർ വാല്യൂ പുതുതായി നിശ്ചയിച്ച് കിട്ടുന്നതിന് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് പറയാമോ, ആലപ്പുഴ ജില്ലയിൽ ഇപ്രകാരം ഫെയർ വാല്യൂ നിശ്ചയിച്ചു കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ നടപടി പൂർത്തിയാകാതെയുണ്ടെന്ന് പറയാമോ;

(സി) ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് കിട്ടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഒരു നിശ്ചിത തീയതിക്കുള്ളിൽ നടപടി പൂർത്തിയാക്കി നൽകുന്നതിന് സർക്കാർ ഉത്തരവിറക്കുമോ?

ഉത്തരം

(എ) ന്യായവില നിശ്ചയിക്കേണ്ട കേസുകളിൽ ബന്ധപ്പെട്ട കക്ഷികൾ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ന്യായവില സമയബന്ധിതമായി നിശ്ചയിച്ചുവരുന്നു.

(ബി) ഫോം-ബിയിൽ 25 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ മുഖേന അന്വേഷണം നടത്തി ന്യായവില നിശ്ചയിച്ചുവരുന്നു. ന്യായവില നിശ്ചയിക്കുവാനുള്ള 75 അപേക്ഷകൾ ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly